## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5896** **25-03-2025 - ൽ മറുപടിയ്ക്ക്**

### ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിൽ കിറ്റ്കോ വരുത്തിയ അനാസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ സയ്യിദ് അബ്ദുൽ റഹിമാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേന 6 കോടി രൂപ അനുവദിക്കുകയും നിർമ്മാണ ചുമതല 'കിറ്റ്കോ' ഏറ്റെടുക്കുകയും ചെയ്തിരുന്നുവെങ്കിലും നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പദ്ധതി പൂർത്തീകരിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിർമ്മാണമേറ്റെടുത്ത കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ച് പോയിട്ടും 'കിറ്റ്കോ'യുടെ അനാസ്ഥ കാരണം ബദൽ മാർഗ്ഗം കണ്ടെത്താനോ പദ്ധതി പൂർത്തീകരിക്കുവാനോ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കരാറുകാരൻ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചതു കാരണമുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ 'കിറ്റ്കോ'യുടെ ഉത്തരവാദിത്തപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ കിറ്റ്കോ ഏറ്റെടുത്ത കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾക്കും സ്വകാര്യ മേഖലയ്ക്കും വിവിധ മേഖലകളിൽ ആവശ്യമുള്ള എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, ടെക്നിക്കൽ കൺസൾട്ടൻസി സേവനങ്ങൾ നൽകിവരുന്ന സംസ്ഥാന ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമായ കിറ്റ്കോ ലിമിറ്റഡിന്റെ 49.77% ഓഹരികളും കൈവശം വച്ചിരിക്കുന്നത് കേന്ദ്ര സ്ഥാപനമായ സ്മോൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (SIDBI) ആണ്. കിറ്റ്കോ ലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തിന് സംസ്ഥാന സർക്കാരിൽ 3% ഓഹരികളും കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി എന്നിവയ്ക്ക് യഥാക്രമം 4.04%, 1.47% ഓഹരികളാണ് നിലവിലുള്ളത്. കിറ്റ്കോയിൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള 8.48% ഓഹരികളാണ് കൈവശമുള്ളത് പദ്ധതിയിലെ ബാക്കി ജോലികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിൽ കിറ്റ്കോയുടെ ഭാഗത്ത് നിന്ന് ബോധപൂർവ്വമായ വീഴ്ചയും ഉണ്ടായിട്ടില്ല. ടെൻഡർ പ്രക്രിയയിൽ ലേലക്കാരുടെ മോശം പ്രതികരണം കാരണം ബാലൻസ് വർക്ക് നൽകാൻ കഴിഞ്ഞില്ല. ബാക്കി ജോലികൾ പൂർത്തിയാക്കുന്നതിന് കിറ്റ്കോ ചുവടെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ബാലൻസ് ജോലികൾക്കുള്ള സാങ്കേതിക അനുമതി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ നിന്നും നെഗറ്റീവ് വേരിയഷൻ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി ജോലികൾ 14.06.2024 ന് ടെൻഡർ ചെയ്തിരുന്നു.മോശം പ്രതികരണം കാരണം ഒന്നിലധികം തവണ ഇത് റീടെൻഡർ ചെയ്യപ്പെട്ടു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും നിർദ്ദിഷ്ട ബിഡ് തുറക്കുന്ന തീയതിയും യഥാക്രമം 24.03.2025, 26.03.2025 എന്നിവയുമാണ്. |

സെക്ഷൻ ഓഫീസർ